MGM Ministries-Article Source: Malabar Gospel Messenger, October11, 1993, Vol. III, No. 40(119), Page 4, 8

# മലയാളത്തിന്റെ മധുരഗായകൻ മൺമറഞ്ഞു

ജോർജ് കോശി മൈലപ്ര

ഒരു ഇതിഹാസം കൂടെ പറഞ്ഞു തീർന്നു. 'വിൺമയവീട്ടിൽ നിത്യത മുഴുവൻ വാഴുവാൻ' ആ ഗാനകോകിലം പറന്നകന്നു. 'അനേകരെ നീതിയിലേയ്ക്ക് നയിച്ച ഒരു ബുദ്ധിമാൻ' കൂടെ ആകാശക്കമാനത്തിൽ ജാജ്വലതാരമായി പ്രത്യക്ഷപ്പെട്ടു. 'എല്ലാർക്കും കതൃറുടെ നാമത്തിൽ വണക്കം' എന്ന് തെല്ലു ചിരിയോടെ, കൈ കൂപ്പിക്കൊണ്ട്, പ്രസംഗത്തിന് ആമുഖം പറയുന്ന ആ വശ്യരൂപം മൺമറഞ്ഞു. 1993 ഒക്ടോബർ 2 ശനിയാഴ്ച കർതൃദാസൻ എം.ഇ.ചെറിയാൻ 'വാനിലും ഭൂവിലും' മേലായനാമമുള്ള വന്ദിതന്റെ സന്നിധിയിലേയ്ക്ക് ചേർക്കപ്പെട്ടു.

'ഒന്നേയുള്ളെനിക്കാനന്ദമുലകിൽ, യേശുവിൻസന്നിധി അണയുവതേ' എന്ന് ആഗ്രഹിച്ച ഈ 'സീയോൻ സഞ്ചാരി' മുതികുളത്തുരിൽ നടന്ന ഒരു സുവിശേഷയോഗത്തിൽ പ്രസംഗിക്കുവാൻ വേണ്ടി അവസാന തയ്യാറെടുപ്പുകൾ നടത്തിക്കൊണ്ടിരിക്കവെയാണ് തന്റെ യാത്ര അവസാനിപ്പിച്ചത്. 'അനുഗ്രഹത്തിന്നധിപതിയും അനന്തകൃപാ പെരുംനദി'യുമായ യേശുനാഥന്റെ മഹത്വം ധ്യാനിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ ആ കർത്താവിന്റെ ഇമ്പനാദം തന്റെ കാതുകളിൽ മുഴങ്ങി—"മകനേ വരൂ" (MEC യുടെ പ്രശസ്തമായ ഖണ്ഡകാവ്യമാണ് 'മകനേ വരൂ')

'എൻജീവിതകാലം മുഴുവൻ
നിൻസ്നേഹമാധുര്യം
പാടിപ്പുകഴ്ത്താൻ നാഥാ നീ തരിക
നാവിനു ചാതുര്യം...."

അതായിരുന്നു സാറിന്റെ എന്നത്തെയും പ്രാർത്ഥന. ആ പ്രാർത്ഥന ദൈവം കേട്ടു.

"ശുശ്രൂഷകളിൽ തുടർച്ചയായി ഏർപ്പെട്ടുവരുന്നു, ഒടുവിലത്തോളം അവിടുത്തെ പടക്കളത്തിൽ പോർ ചെയ്യു, പടക്കളത്തിൽ നിന്നുതന്നെ കർതൃസന്നിധിയിൽ ചേരാൻ ആഗ്രഹിക്കുന്നു. പ്രാർത്ഥിക്കുമല്ലോ". മരിക്കുന്നതിന് പന്ത്രണ്ടു ദിവസം മുമ്പ് (18/9/93) സാർ എഴുതിയ കത്തിലെ അവസാന ഖണ്ഡികയാണിത്. ഈ ആഗ്രഹം ദൈവം ആദരിച്ചു.



അദ്ധ്യാപകവൃത്തി ഉപേക്ഷിച്ച് പ്രേഷിത പ്രവർത്തനത്തിനുവേണ്ടി ചെറിയാൻ സാർ ഇറങ്ങിത്തിരിച്ചിട്ട് ഈ ഒക്ടോബർ 15ന് അൻപതു വർഷം പൂർത്തിയാകുകയായിരുന്നു. കുമ്പനാട് കൺവൻഷനിൽ പ്രസംഗകനായിരുന്ന മഹാകവി കെ.വി.സൈമൺ, എം.ഇ.ചെറിയാൻ സാറിന് നേരെ വിരൽ ചൂണ്ടി ഇപ്രകാരം പറഞ്ഞു,

"അവിടെ ഇരിക്കുന്ന കൊച്ചുസാർ ദൈവത്തിനു വേണ്ടി സ്വയം സമർപ്പിച്ചാൽ ദൈവം തന്നെക്കൊണ്ട് വൻ കാര്യങ്ങൾ ചെയ്യും". ആ വെല്ലുവിളി ഏറ്റെടുത്ത ചെറിയാൻ സാറോ, ആ ചുവടുവയ്പിന് സാക്ഷ്യം വഹിച്ച ജനാവലിയോ, വെല്ലുവിളി ഉതിർത്ത സൈമൺസാർതന്നെയോ ആ 'വൻ കാര്യങ്ങളു'ടെ വ്യാപ്തി ഇത്ര ബൃഹത്തായിരിക്കുമെന്ന് കരുതിയിരിക്കുവാൻ ഇടയില്ല. അത്ര വലിയതായിരുന്നു MEC എന്ന ത്രയാക്ഷരപ്രസ്ഥാനം.

കർതൃകരങ്ങളിൽ അന്ത്യം വരെ അത്യുജ്ജ്വലമായി ഉപയുക്തമാക്കപ്പെട്ട ഒരു ആയുധമായിരുന്നു ഈ ദൈവദാസൻ. ബ്രദറൺ പ്രസ്ഥാനത്തിലെ പ്രമുഖമായ രണ്ട് സംഘടനകളുടെ—YMEF, ബാലസംഘം—പ്രയോക്താവ്, മൂന്നു ദശാബ്ദങ്ങളായി സുവിശേഷവിഹിത സഭകളിലെ ഭവനങ്ങളിലെല്ലാം ആദരിക്കപ്പെടുന്ന അതിഥിയായി കടന്നുചെന്ന് അംഗീകാരം നേടിയെടുത്ത 'സുവിശേഷകൻ' മാസികയുടെ പത്രാധിപർ, ക്രൈസ്തവ മലയാളികളുടെയെല്ലാം ഹൃദയത്തുടിപ്പുകളായിത്തീർന്ന നാനൂറിലധികം ഗാനങ്ങളുടെ രചയിതാവ്; അര സഹസ്രം തിമൊഥെയോസുമാരെ വാർത്തെടുത്ത മധുര ബൈബിൾ സ്കൂളിന്റെ സ്ഥാപകൻ, ഒട്ടേറെ വിദേശ രാജ്യങ്ങളിൽ സഞ്ചരിച്ച് സത്യസുവിശേഷം പ്രചരിപ്പിച്ച സുവിശേഷവീരൻ, മണിക്കൂറുകളോളം ശ്രോതാക്കളെ പിടിച്ചിരുത്തുന്ന അസുലഭ വാഗ്മിത്വത്തിന്റെ ഉടമ, കവിതയുടെ

8—ാം പേജിൽ

# മധുരഗായകൻ

4—ാം പേജിൽ നിന്നു തുടർച്ച

കാതൽ കണ്ടെത്തിയ കാവ്യകാരൻ, തിരുവചനമെന്ന ഖനിയുടെ ആഴങ്ങളിൽ മുങ്ങിത്തപ്പി അമൂല്യ രത്നങ്ങൾ മുറിച്ചെടുത്ത് അക്ഷരങ്ങളുടെ രൂപം നൽകി അനുവാചകരെ അനുഗ്രഹീതരാക്കിയ ഗ്രന്ഥകാരൻ, കണ്ണുനീരിന്റെയും പരിശോധനയുടേയും നിരവധി വേളകളിൽ മനം തുറന്നു പാടിക്കൊണ്ട് സ്വയം തോണി തുഴഞ്ഞു മുന്നേറിയ അനുപമ വ്യക്തിത്വത്തിന്റെ ഉടമ.

‘കൊച്ചുസാറി’നെക്കുറിച്ച് പറയാനുള്ളതെല്ലാം പറഞ്ഞു തീർക്കാൻ ഭാഷയിലെ പദങ്ങൾക്ക് പരിമിതി. ഒരു പുരുഷായുസ്സു കൊണ്ട് ചെയ്യാവുന്നതിന്റെ പതിന്മടങ്ങ് ചെയ്തു തീർത്ത്, നല്ല പോർ പൊരുതി, ഓട്ടം തികച്ച്, വിശ്വാസം കാത്ത്, നീതിയുടെ കിരീടത്തിനായി കാത്തിരുന്ന ആ ദൈവപുരുഷനെക്കുറിച്ച് വിവരിക്കുവാൻ തൂലികയ്ക്കും ശക്തി ചോരുന്നു.

ബാലസംഘം വേദികളിലെത്തുമ്പോൾ ഒരു ഏഴു വയസ്സുകാരൻ, യുവജന സമ്മേളനങ്ങളിൽ ചുറുചുറുക്കുള്ള ഒരു യുവാവ്, കൺവൻഷനിൽ അതുല്യനായ പ്രഭാഷകൻ, സ്വകാര്യസംഭാഷണങ്ങളിൽ സ്നേഹത്തിന്റെയും സൗമ്യതയുടേയും നിറകുടം. എല്ലാവർക്കും വേണ്ടി എല്ലാമായിത്തീർന്ന MEC യുടെ വ്യക്തിത്വം അനുപമമായിരുന്നു. അഞ്ചു പതിററാണ്ടിലധികം ഈ അടർക്കളത്തിൽ പോരാടിയിട്ടും ആ പോർച്ചട്ടയിൽ ഒരു കറുത്ത പാടും പുരണ്ടില്ല എന്നത് വിനയാന്വിതനായ ഈ ദൈവദാസന്റെ സവിശേഷതയാണ്.

മധുരയിലെ ആ ശവകുടീരത്തിൽ നിന്ന് ഇന്നും ആ ശബ്ദം അലയടിക്കുന്നു.

“എൻ ദേഹം മൺമയമെന്നാൽ—
ഇനിയും താൻ വരുമന്നാൾ
വിളങ്ങും—തേജസ്സിൽ നന്നായ്—
ഹല്ലേലുയ്യാ

മാനുഷികമായ പരിഗണനയിൽ ചെറിയാൻസാറിന്റെ വിടവ് അപരിഹാര്യമാണ്. പക്ഷെ ‘ദൈവത്തിന്റെ കരങ്ങളിൽ തന്നെത്തന്നെ സമ്പൂർണ്ണമായി സമർപ്പിച്ച ഒരു വ്യക്തിയെക്കൊണ്ട് ദൈവത്തിന് എന്തൊക്കെ ചെയ്യാനാവുമെന്ന് ലോകം ഇനിയും കാണേണ്ടിയിരിക്കുന്നു’ എന്ന ഡി.എൽ മൂഡിയുടെ വാക്കുകൾ ഒരു വെല്ലുവിളിയായി ഇപ്പോഴും മാറെറാലി കൊള്ളുന്നു.

MGM Ministries- Article Source:
Malabar Gospel Messenger, October11, 1993, Vol. III, No. 40(119), Page 4, 8